**സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : എം അഞ്ജന IAS)**

തിരുവനന്തപുരം
ഉത്തരവ് നം:ഇ 5-3772/2021-SJD തീയതി: 16/09/2021

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം -നിയമസഭാതെരഞ്ഞെടുപ്പ് 2021 -ഡമ്മി ബ്രെയിലി ബാലറ്റ് നിർമ്മാണം-സത് സേവന രേഖ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഭിന്ന ശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ 12.07.2021 ലെ 296/എസ്1/21/എസ് സി പി ഡബ്ല്യു ഡി നം കത്ത്.

2. യു ഒ നോട്ട് നം.D3/1457/2020-SJD തിയതി:10.09.2021.

2021 ഏപ്രിൽ 6 ന് നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 140 നിയോജക മണ്ഡലങ്ങളിലേയും കാഴ്ചപരിമിതരായ സമ്മതിദായകർക്ക് അവരുടെ ജനാധിപത്യ അവകാശം പരപ്രേരണയില്ലാതെ നിർവ്വഹിക്കുന്നതിന് സഹായകരമാകുന്നരീതിയിൽ ഓരോ ബൂത്തിനും ഒന്ന് എന്ന ക്രമത്തിലും ഒരോ മണ്ഡലത്തിലും ബൂത്തുകളുടെ 5% എണ്ണം എന്ന ക്രമത്തിലും ഡമ്മി ബ്രെയിലി ബാലറ്റ് തയ്യാറാക്കി വിതരണം ചെയ്യുവാൻ ചീഫ് ഇലക്ടോറൽ ഓഫീസർ ഭിന്ന ശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബ്രെയിലി ഡമ്മി ബാലറ്റ് തയ്യാറാക്കുന്നതിന് ഭിന്ന ശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറെ സഹായിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും ഡ്യൂട്ടിക്ക് നിയോഗിച്ച ജീവനക്കാരുടെ അർപ്പണബോധത്തോടെയും ഉത്തരവാദിത്തത്തോടെയുമുള്ള സേവനം കാരണം നിശ്ചിത സമയപരിധിക്കകം ബ്രെയിലി ഡമ്മി ബാലറ്റ് തയ്യാറാക്കി ബഹു.ഇലക്ഷൻ കമ്മീഷന് കൈമാറുവാൻ കഴിഞ്ഞതിനാൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും പ്രസ്തുത ഡ്യൂട്ടിക്ക് നിയോഗിച്ച ജീവനക്കാരെ പ്രത്യേകം പ്രശംസിക്കുന്നതോടൊപ്പം ചുവടെ പറയുന്ന ജീവനക്കാർക്ക് സത് സേവന രേഖ നൽകുവാൻ ഒന്നാം പരാമർശം പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ ശുപാർശ നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് ,പെൻ നമ്പർ | തസ്തിക | കാര്യാലയം |
|---|---|---|---|
| 1 | ശ്രീ അജിലാൽ എസ് (213397) | ജൂനിയർ സൂപ്രണ്ട് | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 2 | ശ്രീ കിഷോർ എസ് ജെ (438450) | സീനിയർ ക്ലാർക്ക് | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 3 | ശ്രീ സിബിൻ സാം എസ് (802485) | ഓഫീസ് അറ്റൻഡന്റ് | സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 4 | ശ്രീ വിദ്യാസാജൻ എസ് (758567) | ഓഫീസ് അറ്റൻഡന്റ് | സാമൂഹ്യനീതി ഡയറക്ടറേറ്റ് |

ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥർ ബ്രെയിലി ഡമ്മി

ബാലറ്റ് തയ്യാറാക്കി നൽകിയതിലെ പ്രവർത്തന മികവ് കണക്കിലെടുത്ത് ഭിന്ന ശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ ഒന്നാം പരാമർശം പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്ക് സേവന മികവിനുള്ള അംഗീകാരമായി സത് സേവന രേഖ നൽകി ഉത്തരവാകുന്നു.

ടി വിവരം സംബന്ധിച്ചുള്ള ആവശ്യമായ രേഖപ്പെടുത്തലുകൾ ടി ജീവനക്കാരുടെ സേവന പുസ്തകത്തിൽ വരുത്തേണ്ടതാണ്.

M ANJANA
സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.

<u>പകർപ്പ് :</u>

1. ഡയറക്ടറുടെ സി.എ.
2. സൂപ്രണ്ട് ഡി സെക്ഷൻ
3. ഇ 1 , ഇ 2 ,ഇ 4 സീറ്റ്
4. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്